നം. DWCD/1123/2022-ICDSB2

വനിത ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 15.10.2022
e-mail: wcdicdsb2@gmail.com.
ഫോൺ: 0471-2346508.

## സർക്കുലർ

വിഷയം : വനിത ശിശുവികസന വകുപ്പ് - ഐസിഡിഎസ്- 2022 നവംബർ 01- അങ്കണവാടികളിൽപ്രവേശനോൽസവം സംഘടിപ്പിക്കുന്നത്- മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്.

സൂചന :

സംയോജിത ശിശുവികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലേയ്ക്ക് പ്രീ സ്കൂൾ കുട്ടികളെ ആകർഷിക്കുക, അങ്കണവാടികളുടെ പ്രാധാന്യം, അങ്കണവാടികളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ അങ്കണവാടികളിൽ 2022 നവംബർ 01 ന് പ്രവേശനോൽസവം സംഘടിപ്പിക്കേണ്ടതുണ്ട്. ALMSC യുടെ സഹകരണത്തോടെ പ്രവേശനോൽസവം സംഘടിപ്പിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

- ഒക്ടോബർ 22 ന് അകം അങ്കണവാടികളിൽ ALMSC ചേർന്ന് പ്രവേശനോൽസവ നടത്തിപ്പ്, പ്രവേശനോൽസവ മുന്നൊരുക്ക പ്രവർത്തനങ്ങൾ, കുട്ടികളുടെ ഭവന സന്ദർശനം, പ്രവേശനോൽസവത്തോടനുബന്ധിച്ച് കുട്ടികൾക്ക് നൽകേണ്ടുന്ന സമ്മാനം ലഭ്യമാക്കുന്നത് എന്നിവ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.
- ഒക്ടോബർ 25 മുതൽ 29 വരെയുള്ള കാലയളവിൽ അങ്കണവാടി പ്രവർത്തകരും ALMSC അംഗങ്ങളും ചേർന്ന് പുതിയതായി പ്രവേശനം

നേടേണ്ട കുട്ടികളുടെ ഭവന സന്ദർശനം നടത്തുകയും, രക്ഷകർത്താക്കളേയും, കുട്ടികളേയും കണ്ട് പ്രീ സ്കൂൾ പ്രവേശനം ഉറപ്പ് വരുത്തുകയും ചെയ്യണ്ടതാണ്.

❖ അതിഥി തൊഴിലാളികളുടെ കുട്ടികൾ, താൽക്കാലിക താമസക്കാരായ കുട്ടികൾ, എന്നിങ്ങനെ മുഴുവൻ കുട്ടികളേയും രക്ഷിതാക്കളേയും സന്ദർശിക്കേണ്ടതാണ്.

❖ ഗോത്ര വർഗ്ഗ മേഖലകളിലും, ഒറ്റപ്പെട്ട് പ്രവർത്തിക്കുന്ന അങ്കണവാടി പ്രദേശങ്ങളിലും, പ്രവേശനോൽസവ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കായി വാർഡ് മെമ്പർക്ക് പുറമെ,

1. AMLSC അംഗങ്ങൾ
2. A G Club leader / പ്രതിനിധി
3. ST promoter
4. Mentor Teacher
5. NGO പ്രതിനിധി
6. ഊരു മൂപ്പൻ
7. ഹാംലെറ്റ് ആശ പ്രവർത്തക
8. സാക്ഷരത പ്രമോട്ടർ
9. ഏകാധ്യാപക വിദ്യാലയ അദ്ധ്യാപിക/അദ്ധ്യാപകൻ
10. എഡിഎസ് പ്രതിനിധി/ തൊഴിലുറപ്പ് കോർഡിനേറ്റർ
11. സാമൂഹ്യ വിഭവ കേന്ദ്രം ഫെസിലേറ്ററ്റർ
12. ഊരുകളിലെ വിദ്യാ സമ്പന്നരായ പൂർവ്വ വിദ്യാർത്ഥികൾ

എന്നിവർ ഉൾപ്പെട്ട കർമ്മ സേന (ഗ്രൂപ്പുകൾ) രൂപീകരിച്ചും, പ്രവേശനോൽസവ പരിപാടികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

❖ പ്രവേശനോൽസവം നടക്കുന്ന ദിവസം അങ്കണവാടിയും പരിസരവും വൃത്തിയാക്കുകയും ഭംഗിയായി അലങ്കരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, പ്രവേശനോൽസവ ദിനത്തിൽ അങ്കണവാടിയിൽ എത്തിച്ചേരുന്നവർക്ക്

കാണാവുന്ന വിധത്തിൽ പ്രീ സ്കൂൾ കിറ്റ്, അങ്കണപ്പൂ മഴ വർക്ക് ബുക്ക്, അങ്കണത്തൈമാവ് അദ്ധ്യാപക സഹായി, അമ്മ അറിയാൻ കാർഡ്, എം.സി.പി. കാർഡ്, ഗ്രോത്ത് ചാർട്ട്, വകുപ്പിൽ നിന്ന് നൽകിയിട്ടുള്ള വിവിധ വളർച്ച നിരീക്ഷണ ഉപകരണങ്ങൾ എന്നിവയുടെ പ്രദർശനവും ഭംഗിയായും, ചിട്ടയായും സജ്ജീകരിക്കേണ്ടതാണ്.

- പ്രവേശനോൽസവത്തിന് ആവശ്യം വരുന്ന ചെലവുകൾ ALMSC യുടെ സഹകരണത്തോടെ കണ്ടെത്തേണ്ടതാണ്.

- 2022 നവംബർ 01 ന് അങ്കണവാടി പ്രവേശനോൽസവം നടത്തിയതിന് ശേഷം ക്രോഡീകരിച്ച റിപ്പോർട്ട് പ്രോഗ്രാം ഓഫീസർമാർ നവംബർ 16 ന് അകം wcdicdsb2@gmail.com എന്ന e-mail വിലാസത്തിൽ അയച്ച് നൽകേണ്ടതാണ്.

വിശ്വസ്തതയോടെ

വനിത ശിശുവികസന ഡയറക്ടർക്ക് വേണ്ടി.

1. എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സിഡിപിഒ മാർക്കും

**പകർപ്പ്**

സ്റ്റോക്ക് ഫയൽ/സ്പെയർ